സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

സംഗ്രഹം

**കാരാണ്മ ലാവണത്തിൽ ഡിപ്പാർട്ട്മെന്റ് നോമിനിയായി ജോലിനോക്കിയ കാലയളവിന്റെ പകുതി, പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രം സർവ്വീസായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**R.O.C. No.10947/22/Mis.1 (i)** നന്തൻകോട്,25/01/2023

പരാമർശം: 1. ബഹു. ഹൈക്കോടതിയുടെ 21/10/2022 ലെ WP (C) 29497/22 നമ്പർ വിധിന്യായം.
2. ലാ ആഫീസിലെ 16/01/2023 ലെ നിയമോപദേശം.

കരുനാഗപ്പള്ളി ഗ്രൂപ്പിൽപ്പെട്ട വെട്ടിക്കാട് സബ്ഗ്രൂപ്പിലെ ചിറക്കര ദേവസ്വം വാച്ചറായിരുന്ന് 31/05/2021 ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.കെ.ഉണ്ണികൃഷ്ണ പിള്ള കാരാണ്മാ ലാവണത്തിൽ ഡിപ്പാർട്ട്മെന്റ് നോമിനിയായി ജോലി നോക്കിയ കാലയളവ് റഗുലർ സർവ്വീസായി പരിഗണിക്കണമെന്ന് വിവരിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാരാണ്മ ലാവണത്തിൽ ഡിപ്പാർട്ട്മെന്റ് നോമിനിയായി സേവനമനുഷ്ഠിച്ചിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത കാലയളവ് റഗുലർ സർവ്വീസായി കണക്കാക്കുന്നതിന് ബാധകം അല്ലായെന്ന വാദം നിലനിൽക്കുന്നതല്ലായെന്നും ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ച് ഇനിയും അപേക്ഷകർ വരുമെന്നതിനാൽ കാരാണ്മ ലാവണത്തിൽ ഡിപ്പാർട്ട്മെന്റ് നോമിനിയായി ജോലി നോക്കിയ സേവനകാലം എപ്രകാരം കണക്കാക്കണമെന്നതിൽ രണ്ട് മാസത്തിനകം ബോർഡ് പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദേശിച്ചും പ്രസ്തുത കേസിന്മേൽ ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം 1).

കാരാണ്മ തസ്തികയിലേക്കുള്ള നിയമനത്തിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ കാരാണ്മ കുടുംബത്തിൽ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ആ തസ്തികയിലേക്ക് ഡിപ്പാർട്ട്മെന്റ് നോമിനിയെ താൽക്കാലികമായി നിയമിക്കാൻ ബോർഡിന് അധികാരമുണ്ടെന്നും കാരാണ്മ അവകാശികൾ പെൻഷന് അർഹതയില്ലാത്ത വിഭാഗമായതിനാൽ ആ തസ്തികയിലേക്ക് താൽക്കാലികമായി ജോലി ചെയ്യാൻ നിയോഗിച്ച സ്ഥിരജീവനക്കാരന്റെ സേവന കാലയളവ് പെൻഷന് പരിഗണിക്കുന്ന വിഷയത്തിൽ ബോർഡ് ഒരു പൊതു തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും നിയമവിഭാഗം അഭിപ്രായപ്പെട്ടിട്ടുള്ളതാണ് (പരാമർശം 2).

ഇപ്രകാരമുള്ള ആവശ്യം ഉന്നയിച്ച് അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ കാരാണ്മാ ലാവണത്തിൽ ഡിപ്പാർട്ടമെന്റ് നോമിനിയായി ജോലി നോക്കിയിട്ടുള്ള ജീവനക്കാരുടെ ടി സേവനകാലം എപ്രകാരം പരിഗണിക്കണമെന്നത് സംബന്ധിച്ച് പൊതു ഉത്തരവ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോർഡ് വിശദമായി ചർച്ച ചെയ്തു.

കാരാണ്മ ഡിപ്പാർട്ട്മെന്റ് നോമിനിയായി ജോലിനോക്കിയ കാലയളവിന്റെ പകുതി, പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രം സർവ്വീസായി പരിഗണിച്ച് ഉത്തരവ് നൽകാവുന്നതാണെന്ന ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെയും ആയത് അംഗീകരിക്കാമെന്ന നിയമ വിഭാഗത്തിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ആറന്മുള ഗ്രൂപ്പിൽപ്പെട്ട ഇലവുംതിട്ട ദേവസ്വം വാച്ചറായിരുന്ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.കെ.ആർ.ശശിധര കുറുപ്പ്

കാരാണ്മ ഡിപ്പാർട്ട്മെന്റ് നോമിനി ആയി ജോലി നോക്കിയ കാലയളവിന്റെ പകുതി, പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രം സർവ്വീസായി പരിഗണിക്കുന്നതിന് അനുവദിച്ച് 05/11/2022-ൽ R.O.C. No.12528/21/Mis.1 നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ അപ്രകാരം ഒരു പൊതു ഉത്തരവ് ഉണ്ടാകുന്നത് ഉചിതമാണെന്ന് ബോർഡ് വിലയിരുത്തി.

ആയതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിലുള്ള ദേവസ്വങ്ങളിൽ കാരാണ്മ ലാവണത്തിൽ ഡിപ്പാർട്ട്മെന്റ് നോമിനിയായി സേവനമനുഷ്ഠിച്ചിട്ടുള്ള സ്ഥിരജീവനക്കാർക്ക് പ്രസ്തുത കാലയളവിന്റെ പകുതി, പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രം സർവ്വീസായി പരിഗണിക്കുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :
1. ദേവസ്വം കമ്മീഷണർ
2. ഫിനാൻസ് ആന്റ് അക്കൗണ്ടസ് ആഫീസർ
3. ദേവസ്വം അക്കൗണ്ടസ് ആഫീസർ
4. ലാ ആഫീസ്
5. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
6. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
7. ലെയ്സൺ ആഫീസർ
8. ശ്രീ.കെ.ഉണ്ണികൃഷ്ണ പിള്ള, റിട്ട. വാച്ചർ, വിഷ്ണു ഭവനം, ഇടവനശ്ശേരി, മൈനാഗപ്പള്ളി പി.ഒ., കൊല്ലം
9. ഐ.റ്റി. സെക്ഷൻ
10. മിനിറ്റ്സ്
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്
അസിസ്റ്റന്റ് സെക്രട്ടറി